# കേരള രാജ്യാന്തര ഊർജ്ജ മേളയ്ക്ക് ഇന്ന് തിരശ്ശീല വീഴും

തിരുവനന്തപുരം: എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ നടക്കുന്ന മൂന്നു ദിവസത്തെ രാജ്യാന്തര ഊർജ്ജമേള തൈക്കാട് പൊലീസ് ഗ്രൗണ്ടിൽ ഇന്ന് സമാപിക്കും. മന്ത്രി കെ. കൃഷ്ണൻകുട്ടി സമാപനം ഉദ്ഘാടനം ചെയ്യും.

കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ അദ്ധ്യക്ഷനാകുന്ന ചടങ്ങിൽ മന്ത്രി വി.ശിവൻകുട്ടി മുഖ്യാതിഥിയാകും. ഊർജവകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി കെ.ആർ.ജ്യോതിലാൽ, ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് ഡയറക്ടർ ടി.വി.സുഭാഷ് എന്നിവർ പങ്കെടുക്കും. എനർജി മാനേജ്മെന്റ് സെന്റർ ഫൗണ്ടർ ഡയറക്ടർ പ്രൊഫ.വി.കെ. ദാമോദരൻ ആശംസകളർപ്പിക്കും. എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ.ആർ. ഹരികുമാർ സ്വാഗതവും ജോയിന്റ് ഡയറക്ടർ ദിനേശ് കുമാർ .എ.എൻ നന്ദിയും പറയും.

ഒരു ലക്ഷം രൂപ സമ്മാനം ലഭിക്കുന്ന മെഗാ ക്വിസ് മത്സരത്തിന്റെ ഫൈനൽ ഇന്ന് നടക്കും.